# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 65 — 12/12/2012-ൽ മറുപടിക്ക്

## ആദിവാസി പെൺകുട്ടികളെ തമിഴ്നാട്ടിലേക്ക് കടത്തുന്നത് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>,, കെ. വി. വിജയദാസ്<br>,, എം. ഹംസ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയിൽ നിന്ന് ആദിവാസി പെൺകുട്ടികളെ ഏജന്റുമാർ മുഖേന തമിഴ്നാട്ടിലേക്ക് കടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | ബി | ആദിവാസി പെൺകുട്ടികളെ തമിഴ്നാട്ടിലേക്ക് കടത്തുന്നുണ്ടെന്നുള്ള വാർത്ത 06.10.2012 ൽ പത്രത്തിൽ വന്നതിനെതുടർന്ന് അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. തൊഴിലോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ഇല്ലാത്തതിനാൽ തൊഴിൽ തേടി യുവതീയുവാക്കൾ അതിർത്തി പ്രദേശമായ അട്ടപ്പാടിയിൽ നിന്ന് തമിഴ്നാട്ടിലേക്ക് പോയിട്ടുണ്ട്. താഴെഭ്രുതയാറിൽ നിന്നും തൊഴിൽതേടി പോയിരുന്ന യുവതീയുവാക്കൾ രക്ഷിതാക്കളുടെ അറിവോടെയാണ് ജോലിക്ക് പോയിട്ടുള്ളത്. ഇത് സംബന്ധിച്ച മാധ്യമ വാർത്ത വന്നതിനെ തുടർന്ന രക്ഷിതാക്കൾ ജോലി സ്ഥലത്ത് പോകുകയും മക്കൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഇല്ലായെന്ന് ഉറപ്പ് വരുത്തി തിരിച്ചുവന്നിട്ടുള്ളതായും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. പത്രവാർത്തകളിൽ പറയുന്നതുപോലെ ആരെയും കടത്തിക്കൊണ്ട് പോയിട്ടില്ലായെന്ന് അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ട്. |
| സി | കുറ്റക്കാർക്കെതിരെ മാതൃകാപരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ? | സി | അന്വേഷണത്തിൽ പെൺകുട്ടികൾ സ്വമേധയാ ജോലിക്കായി പോയതാണെന്ന് വെളിപ്പെട്ടിട്ടുള്ളതിനാൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ